പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2568

17.08.2017-ൽ മറുപടിയ്ക്ക്

## 2016-17, 2017-18 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.ദാസൻ :** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) 2016-17, 2017-18 വർഷങ്ങളിൽ എക്സൈസ് വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; | (എ) | 2016-2017<br><br>2016-2017-ൽ രണ്ട് പദ്ധതികളാണ് എക്സൈസ് വകുപ്പിനുണ്ടായിരുന്നത്.<br>1. എക്സൈസ് വകുപ്പിന്റെ നവീകരണം<br>(വകയിരുത്തിയ തുക 2 കോടി രൂപ)<br>2. എക്സൈസ് അക്കാദമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.<br>(വകയിരുത്തിയ തുക 2 കോടി രൂപ)<br>എക്സൈസ് വകുപ്പിന്റെ നവീകരണം<br>എക്സൈസ് വകുപ്പിന്റെ നവീകരണ പ്രക്രിയയുടെ ഭാഗമായി അദ്ലൂർ പെർല, നട്ടപ്പുണ്ണി, വേലന്താവളം, മുഴിത്തോട്ടം, മൂന്നാറ്റ്മുക്ക് എന്നീ ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിക്കൽ , 63 എക്സൈസ് ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യൽ, 25 ചെക്ക് |

പോസ്റ്റുകളിൽ സോളാർ ഹൈമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2016-2017-ലെ പദ്ധതി തുടർച്ചയായി 14 ചെക്ക് പോസ്റ്റുകളിൽ സിസി റ്റി.വി സ്ഥാപിക്കൽ, എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ സോഫ്റ്റ് വെയർ സ്ഥാപിക്കൽ പ്രക്രിയകൾ പൂർത്തിയായിവരുന്നു.

എക്സൈസ് അക്കാദമിയുടെയും ഗവേഷണ കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.

എക്സൈസ് അക്കാദമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി വിവിധ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.

2017-2018

2017-18-ൽ മൂന്ന് പദ്ധതികളാണ് എക്സൈസ് വകുപ്പിന് അനുവദിച്ചത്.

1. എക്സൈസ് വകുപ്പിന്റെ നവീകരണം (വകയിരുത്തിയ തുക 5.25 കോടി രൂപ)

പദ്ധതികളുടെ ഭാഗമായി വയർലസ് സിസ്റ്റം സ്ഥാപിക്കൽ, ചെക്ക്പോസ്റ്റുകളുടെ നവീകരണം, ഫീൽഡ് ഓഫീസുകളുടെ നവീകരണം, വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ടോയിലറ്റ് സൗകര്യത്തോടുകൂടിയ റെസ്റ്റ് റൂം സ്ഥാപിക്കൽ, വനിതാ സ്ക്വാഡുകൾക്ക്

ഇരുചക്രവാഹനങ്ങൾ വാങ്ങൽ എന്നീ പദ്ധതികൾ പുരോഗമിച്ച് വരുന്നു.

2. <u>എക്സൈസ് അക്കാദമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെട്ടുത്തൽ(വകയിരുത്തിയ തുക 1.75 കോടി രൂപ)</u>

എക്സൈസ് അക്കാദമിയുടെയും ഗവേഷണകേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെട്ടുത്തൽ പദ്ധതിയുടെ ഭാഗമായി വനിതാ ട്രെയിനികൾക്കുള്ള ബാരക്ക് നിർമ്മാണം അടക്കം വിവിധ നിർമ്മാണപ്രവർത്തനങ്ങൾ നടത്തി വരുന്നു.

3. <u>ബോധവൽക്കരണവും മയക്കു മരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും. (വകയിരുത്തിയ തുക 50 ലക്ഷം രൂപ)</u>

ഓഡിയോ വിഷ്വൽ അവയർനസ് യൂണിറ്റ്, പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ ബോധവൽക്കരണം റിസോഴ്സ് ഗ്രൂപ്പ് സ്ഥാപിക്കൽ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ കാലയളവിൽ കോഴിക്കോട് ജില്ലയിൽ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ? | (ബി) | ഈ കാലയളവിൽ കോഴിക്കോട് ജില്ലയിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**